പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 346 — 27/02/2017-ൽ മറുപടിക്ക്

## എച്ച്.ഐ.വി. ബാധിതർക്ക് സൗജന്യ ചികിത്സാ സൗകര്യവും ക്ഷേമ പെൻഷനും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിതർ എത്രയുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) | 2017 ജനുവരി വരെ 29,444 പേർ ഉണ്ട് |
| ബി) | ഇവർക്ക് സൗജന്യ ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; | ബി) | സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകൾ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 5 ജില്ലാ ആശുപത്രികൾ (പാലക്കാട്. കാസർഗോഡ്, കണ്ണൂർ, കൊല്ലം, എറണാകുളം) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എ.ആർ.ടി കേന്ദ്രങ്ങളിൽ (ഉഷസ്സ്) രജിസ്റ്റർ ചെയ്യുന്ന എച്ച്.ഐ.വി അണുബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. |
| സി) | ഇവരിൽ എത്ര പേർക്ക് ക്ഷേമ പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്; | സി) | എ.ആർ.ടി ക്ലിനിക്കുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ജീവിച്ചിരിക്കുന്ന എല്ലാപേർക്കും ധനസഹായത്തിന് അർഹതയുണ്ട്. 6378 അപേക്ഷകരാണ് നിലവിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| ഡി) | എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എന്നു വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ടെന്നും കുടിശ്ശിക എന്ന് നൽകാനാവുമെന്നും വിശദമാക്കുമോ? | ഡി) | 2017 ജനുവരി മാസം വരെ 6378 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. നിലവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ധനസഹായം നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 1,73,55,120/- രൂപാ ഉപയോഗിച്ച് 2014 ഡിസംബർ മാസം വരെയുള്ള 4338 അപേക്ഷകർക്ക് 2015 ഏപ്രിൽ മാസം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2015 ജനുവരി മുതൽ നവംബർ വരെയുള്ള കാലയളവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള 873 അപേക്ഷകർക്ക് 2015 ഡിസംബർ മാസം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 26,44,880 രൂപ, 2643 പേർക്ക് 2015 മെയ് മാസം വരെയുള്ള കുടിശിക തുകയായി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ